(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാർഷിക മേഖലയിൽ സ്ത്രീകൾക്ക് പരിശീലന പദ്ധതി

5 (*512) ശ്രീ. എ. കണാരൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ സ്ത്രീകളെ പങ്കെടുപ്പിക്കുന്നതിനും അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും എന്തെങ്കിലും പരിശീലനപദ്ധതി സംസ്ഥാന കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കി വരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഏതൊക്കെ കാർഷിക മേഖലകളിലാണ് നല്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കപ്പെടുന്നവർക്ക് ഏതെങ്കിലും കാർഷിക മേഖലയിൽ പരിശീലനം നല്കിവരുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലകളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് പരിശീലനം നല്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ :

(ഇ) പ്രസ്തുത പരിശീലന പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക ലഭിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ജി) കാർഷിക മേഖലയിൽ സ്ത്രീകളെ ആകർഷിക്കുന്ന പദ്ധതിക്ക് മതിയായ പ്രചരണം നല്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) കാർഷിക മേഖലയിൽ സ്ത്രീകൾക്ക് പരിശീലനം നല്കുന്ന പദ്ധതിയുടെ നടത്തിപ്പ് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ, ബി & സി) കാർഷികമേഖലയിൽ വനിതകൾക്ക് പരിശീലന പദ്ധതി എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 1994-95 മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ, വനിതകളെ കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ പങ്കെടുപ്പിക്കുന്നതിനായി 25 ലക്ഷം രൂപയുടെ ഒരു പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം താഴെപ്പറയുന്ന മേഖലകളിൽ സ്ത്രീകൾക്ക് പരിശീലനം നല്കിവരുന്നു.

1. ശാസ്ത്രീയ വിള പരിപാലനം
2. കീടരോഗ നിർമ്മാർജനം.
3. ജൈവവളങ്ങളുടെ പ്രയോഗം.
4. പച്ചക്കറികൃഷി, പുഷ്പകൃഷി
5. കോഴി വളർത്തൽ
6. മൃഗസംരക്ഷണം (പശുവളർത്തൽ)
7. രോഗ നിയന്ത്രണം
8. തേനീച്ച വളർത്തൽ
9. കൂൺ കൃഷി
10. വീട്ടുവളപ്പിൽ സാങ്കേതികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പരിശീലനം.

സംസ്ഥാന പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം മണ്ണിര കംമ്പോസ്റ്റ് നിർമ്മാണം, പുഷ്പ വിപണനം, ഫ്രൂട്ട് ജൂസ് പാർലർ, കാർഷിക വിഭവ സംസ്കരണം എന്നീ മേഖലകളിലും പരിശീലനം നല്കിവരുന്നു.

(ഡി) കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആർ.എ.റ്റി.റ്റി.സി. വഴിയും വനിതാ ഗ്രൂപ്പുകൾ വഴിയും മൃഗസംരക്ഷണം, ഡയറി, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിലെ വിദഗ്ധർ മുഖേനയും പരിശീലനം നൽകുന്നുണ്ട്.

(ഇ &എഫ്) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 6,64,580 രൂപ ലഭിച്ചിട്ടുണ്ട്.

(ജി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) കുറ്റമറ്റ രീതിയിലാണ് പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നത്.

ദേശീയ ബയോഗ്യാസ് വികസന പദ്ധതി

6 (*513) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ ബയോഗ്യാസ് വികസന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly